സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 217 2025 ഡിസംബർ 06 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'ദേശീയപാത തകർന്നത് കേരള സർക്കാറിന്റെ പിടലിക്കിടേണ്ട': മുഖ്യമന്ത്രി

തൃശ്ശൂർ: കൊല്ലം കൊട്ടിയത്ത് ദേശീയപാത 66ന്റെ ഭിത്തി ഇടിഞ്ഞ താഴ്ന്ന സംഭവത്തിൽ പ്രതികരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ദേശീയപാത തകർന്നത് കേരള സർക്കാറിന്റെ പിടലിക്കിടേണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.കേരള സർക്കാറിന്റെ തലയിലിടാൻ ഒരു വഴിയുമില്ല. ദേശീയപാതയുടെ ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിർവഹിക്കുന്നത് ദേശീയപാത അതോറിറ്റിയാണ്. അതിന് കൃത്യമായ സംവിധാനമുണ്ട്. ആ സംവിധാനത്തിലുണ്ടായ പാളിച്ചയാണ് നമ്മുടെ നാട്ടിലെ അനുഭവം. അതാണ് അതോറിറ്റിയെ ചൂണ്ടിക്കാട്ടുന്നത്. തൃശൂരിൽ പ്രസ് ക്ലബിൽ സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

രാഹുലെവിടെയെന്ന് കോൺഗ്രസിനറിയാം, പോലീസിനറിയില്ല; അറസ്റ്റ് തടഞ്ഞത് സ്വാഭാവിക നടപടി: മുഖ്യമന്ത്രി

തൃശ്ശൂർ: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ അറസ്റ്റ് ഹൈക്കോടതി താത്കാലികമായി തടഞ്ഞത് സ്വാഭാവികമായ കോടതി നടപടിയുടെ ഭാഗം മാത്രമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാഹുലിന് ഒളിത്താവളമൊരുക്കിയത് കോൺഗ്രസാണ്. അയാളുടെ മാത്രം കഴിവിന്റെ ഭാഗമായല്ല ഒളിവിലിരിക്കുന്നത്. കോൺഗ്രസ് രാഷ്ട്രീയ നേതൃത്വത്തിന്റെ സംരക്ഷണമുണ്ട്. രാഹുൽ എവിടെയാണെന്ന് കോൺഗ്രസ് നേതൃത്വത്തിനറിയാം. അക്കാര്യം പോലീസിനെ അറിയിക്കുകയാണ് ചെയ്യേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു. തൃശ്ശൂരിൽ നടന്ന മീറ്റ് ദി പ്രസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോടതിയുടെ മുന്നിൽ ജാമ്യാപേക്ഷ നിലനിൽക്കുമ്പോൾ അറസ്റ്റ് ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ, ഒരു തീരുമാനം വരുന്നതുവരെ കാത്തിരിക്കലാണ് കേരളത്തിൽ പൊതുവേ കണ്ടുവരുന്ന രീതി. രാഹുൽ വിഷയത്തിൽ ഹൈക്കോടതി സ്വീകരിച്ച ഒരു തീയതിയിലേക്ക് കേസ് കേൾക്കാൻ വേണ്ടി നീട്ടിവെച്ചിരിക്കുകയാണ്. സാധാരണ ഗതിയിൽ ഇതാണ് നടന്നുവരുന്ന രീതി. അത് സ്വാഭാവികമായ കോടതി നടപടിയുടെ ഭാഗം മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.

രാഹുലിനെ പോലീസിന് കണ്ടെത്താൻ കഴിഞ്ഞില്ലെന്നതാണ് വാസ്തവം. പോലീസ് മനഃപൂർവം അറസ്റ്റുചെയ്യാതിരിക്കുകയാണെന്ന ആരോപണം ശരിയല്ല. ഒളിവിൽപ്പോകാൻ വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുത്തത് രാഹുലിന്റെ സഹപ്രവർത്തകരാണ്. ആ സഹപ്രവർത്തകർ എന്നത് കോൺഗ്രസിന്റെ പ്രവർത്തകരും നേതാക്കളുമാണ്. സംസ്ഥാനത്തിന്റെ പുറത്തടക്കം രാഹുലിന് നല്ലരീതിയിൽ സംരക്ഷണം തീർത്തിരിക്കുകയാണ്. അപ്പോൾ രാഹുലെവിടെയാണ് ഉള്ളതെന്ന് കോൺഗ്രസിനറിയാം. അക്കാര്യം പോലീസിനെ അറിയിക്കുകയാണ് വേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

എന്തുകൊണ്ടാണ് രാഹുൽ കർണാടകയിലേക്ക് കടന്നതെന്നും മുഖ്യമന്ത്രി ചോദിച്ചു. അവിടെ രാഹുലിന് ഒത്താശകൾ ചെയ്തുകൊടുത്തത് ആരാണ്? ക്രിമിനൽ സ്വഭാവമുള്ള ഈ വ്യക്തി, അയാളുടെ കഴിവിന്റെ ബലത്തിൽ മാത്രം ഒളിവിലിരിക്കുകയല്ല. രാഷ്ട്രീയ നേതൃത്തിന്റെ സംരക്ഷണമുണ്ട്. ഭാവിയിലെ നിക്ഷേപമാണെന്ന് കണക്കാക്കിയിരുന്ന ആളല്ലേ. ആ നിലയിൽ സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. രാഹുലിനെ സംരക്ഷിക്കുന്നതിൽ ആർക്കൊക്കെ പങ്കുണ്ടെന്ന് കൂടുതൽ പരിശോധിച്ചാൽ മനസ്സിലാകുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

അറസ്റ്റ് തടഞ്ഞ് ഹൈക്കോടതി; രാഹുൽ മാങ്കൂട്ടത്തിലിന് താത്കാലികാശ്വാസം

കൊച്ചി: ലൈംഗിക പീഡനക്കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ അറസ്റ്റ് തത്കാലത്തേക്ക് തടഞ്ഞ് ഹൈക്കോടതി. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതി മുൻകൂർ ജാമ്യം നിഷേധിച്ചതിനു പിന്നാലെ മുൻകൂർ ജാമ്യാപേക്ഷയുമായി രാഹുൽ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. രാഹുലിന്റെ മുൻകൂർ ജാമ്യഹർജി ഡിസംബർ 15-ന് പരിഗണിക്കും.

ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ട് രാഹുൽ മാങ്കൂട്ടത്തിലിനെതിരേ രജിസ്റ്റർ ചെയ്ത ആദ്യത്തെ കേസിലാണ് ഹൈക്കോടതി അറസ്റ്റ് തടഞ്ഞിരിക്കുന്നത്. മറ്റൊരു യുവതി കൂടി രാഹുലിനെതിരേ പരാതി നൽകിയിരുന്നു. ഇതിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഈ കേസിൽ പോലീസിന് വേണമെങ്കിൽ എംഎൽഎയെ അറസ്റ്റ് ചെയ്യാം.

തെറ്റൊന്നും ചെയ്തിട്ടില്ലെന്നും അന്വേഷണവുമായി സഹകരിക്കാൻ തയ്യാറാണെന്നും അറസ്റ്റുചെയ്താൽ ജാമ്യത്തിൽ വിടണമെന്നുമാണ് ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന മുൻകൂർ ജാമ്യ ഹർജിയിൽ രാഹുൽ ആവശ്യപ്പെട്ടിരുന്നത്. പരാതിക്കാരിയുമായി അടുപ്പത്തിലായിരുന്നു. സ്വകാര്യസംഭാഷണത്തിന്റെ വോയ്സ് ക്ലിപ്പുകൾ സാമൂഹികമാധ്യമങ്ങളിൽ വന്നതോടെ പുറത്തുവിട്ടത് താനാണെന്നു സംശയിച്ച് പരാതിക്കാരി അകന്നെന്നും ഹർജിയിൽ പറയുന്നുണ്ട്.

വിവാഹിതയായിരുന്നെന്നും അകന്നുകഴിയുകയാണെന്നും അറിയാമായിരുന്നു. അതിനാൽ വോയ്സ് ക്ലിപ്പുകൾ ചോർന്നതുമായി ബന്ധപ്പെട്ട പരാതി ഇപ്പോൾ ഉന്നയിക്കേണ്ടതില്ലെന്നായിരുന്നു രണ്ടുപേരും തീരുമാനിച്ചത്. എന്നാൽ, താൻ രാഷ്ട്രീയപ്രവർത്തകനായതിനാൽ മാധ്യമങ്ങൾ വ്യാപകപ്രചാരണം നൽകി. എതിർപക്ഷത്തുള്ളവർ നിലവിലെ രാഷ്ട്രീയസാഹചര്യം ഉപയോഗിച്ചു. ഇതോടെയാണ് പരാതിക്കാരി തന്നെ തള്ളിപ്പറയുന്നത്. സംഭാഷണത്തിന്റെ വിവരങ്ങൾ തന്റെ പക്കലുണ്ടെന്നും പോലീസ് പിന്നാലെയുള്ളതിനാൽ ഇത് ഹാജരാക്കാനാകുന്നില്ലെന്നും ഹർജിയിൽ പറയുന്നു.

വൈകിയുള്ള പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തണമെന്ന് സുപ്രീംകോടതിതന്നെ പറഞ്ഞിട്ടുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥനുമുൻപിൽ ഹാജരാകാൻ അവസരം ലഭിച്ചാൽ കാര്യങ്ങൾ വിശദീകരിക്കാൻ തയ്യാറാണെന്നും ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പാചകവാതക ലോറിക്ക് തീവച്ച് യുവാവിന്റെ ആത്മഹത്യാശ്രമം

കോട്ടയം: തലയോലപ്പറമ്പിൽ പാർക്ക് ചെയ്തിരുന്ന പാചകവാതക സിലിണ്ടർ ലോറിയിൽ തീവച്ച് യുവാവ് ആത്മഹത്യയ്ക്ക് ശ്രമിച്ചു. സംഭവത്തിൽ കടപ്ലാമറ്റം സ്വദേശിയായ യുവാവിനെ തലയോലപ്പറമ്പ് പൊലീസ് കസ്റ്റഡിയിൽ എടുത്തു.ഇന്ന് പുലർച്ചെ പന്ത്രണ്ടരയോടെയായിരുന്നു സംഭവം. എറണാകുളത്ത് നിന്നും സിലിണ്ടറുമായി എത്തിയ ലോറി ഓടിക്കുന്നത് വെട്ടിക്കാട്ടുമുക്ക് സ്വദേശിയാണ്. അതിനാൽ ലോറി സ്ഥിരമായി വെട്ടിക്കാട്ടുമുക്ക് ജംഗ്ഷനിലാണ് പാർക്ക് ചെയ്യുന്നത്.

ലോറിയുടെ മുകളിൽ കയറിയ യുവാവ്, പാചകവാതകം നിറച്ച ഒരു ഗ്യാസ് സിലിണ്ടർ പൊട്ടിച്ച് തീവച്ച് ആത്മഹത്യാശ്രമം നടത്തുകയായിരുന്നു. അതുവഴി പോയ കാർ യാത്രക്കാരൻ സംഭവം കണ്ട് സമീപത്തുള്ള വീട്ടുകാരെ അറിയിക്കുകയായിരുന്നു. വീട്ടുകാർ ഉടൻ പൊലീസിലും വൈക്കം അഗ്നിരക്ഷാസേനയിലും വിവരം അറിയിച്ചു. മറ്റു സിലിണ്ടറുകൾക്ക് തീ പിടിക്കാതിരുന്നതിനാൽ വൻദുരന്തം ഒഴിവായെന്നാണ് നാട്ടുകാർ പറയുന്നത്. സംഭവത്തെ തുടർന്ന് അരമണിക്കൂറോളം തലയോലപ്പറമ്പ്- എറണാകുളം റോഡിൽ ഗതാഗതം സ്തംഭിച്ചിരുന്നു.

ശബരിമലയിൽ ഭക്തരുടെ വൻതിരക്ക്; സന്നിധാനത്തും പമ്പയിലും കർശന സുരക്ഷ

പത്തനംതിട്ട: ശബരിമലയിൽ ഭക്തരുടെ വൻതിരക്ക് കാരണം കഴിഞ്ഞ ദിവസം നട അടച്ചത് ഏറെ വൈകി. പതിനെട്ടാംപടി കയറാനും ദർശനത്തിനും കിലോമീറ്ററോളം ഭക്തരുടെ നീണ്ട നിരയുണ്ടായിരുന്നു. അതിനാൽ ഇന്നലെ രാത്രി 11.25നാണ് ഹരിവരാസനം ചൊല്ലി നട അടച്ചത്. ഈ സമയം വലിയ നടപ്പന്തൽ തിങ്ങി നിറഞ്ഞ് ശരംകുത്തിക്ക് താഴെ വരെ പതിനെട്ടാംപടി കയറാനുള്ള നീണ്ടനിര ഉണ്ടായിരുന്നു. നട അടച്ച ശേഷം ആരെയും പടി കയറാൻ അനുവദിച്ചില്ല.

ഇന്ന് പുലർച്ചെ മൂന്ന് മണിക്ക് നട തുറന്ന ശേഷമാണ് വീണ്ടും ഭക്തരെ കടത്തിവിട്ടത്. എല്ലായിടത്തും പൊലീസ് പരിശോധന കർശനമാക്കിയിരിക്കുകയാണ്. നെയ്യഭിഷേകത്തിനും കർശന നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. തീർത്ഥാടകർക്ക് അഭിഷേകത്തിനുള്ള നെയ്യ് ശ്രീകോവിലിൽ നേരിട്ട് നൽകാൻ കഴിയില്ല. മാളികപ്പുറത്തുനിന്നുള്ള ക്യൂവിലൂടെ തിരുമുറ്റത്തെ അഷ്ടാഭിഷേക കൗണ്ടറിൽ എത്തി നെയ്യും ടിക്കറ്റും നൽകുമ്പോൾ നേരത്തെ അഭിഷേകം ചെയ്ത് ശേഖരിച്ചിട്ടുള്ള നെയ്യിൽ കുറച്ച് അവിടെ നിന്നു പ്രസാദമായി കൊടുക്കുകയാണ്.

സന്നിധാനത്തും പമ്പയിലും പൊലീസ് കർശന സുരക്ഷ ഒരുക്കിയിരിക്കുകയാണ്. മുൻ വർഷങ്ങളിൽ കാണാത്ത കർശന സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. രാവിലെ ദർശനത്തിനായി പതിനെട്ടാംപടിയിലൂടെ മാത്രമാണ് തീർത്ഥാടകരെ കടത്തിവിട്ടത്. പമ്പയിൽ നിന്നു സന്നിധാനത്തേക്കുള്ള ട്രാക്ടർ ഗതാഗതവും തടഞ്ഞു. ദേവസ്വം മെസിലേക്കുള്ള പാൽ കയറ്റിയ ട്രാക്ടർ പോലും കടത്തിവിട്ടില്ല.

ശബരിമല ദർശനം കഴിഞ്ഞ് മടങ്ങുമ്പോൾ അപകടം; കാറിലുണ്ടായിരുന്ന നാല് അയ്യപ്പ ഭക്തർക്ക് ദാരുണാന്ത്യം

ചെന്നൈ: തമിഴ്നാട് രാമനാഥപുരത്ത് കാർ അപകടത്തിൽപ്പെട്ട് നാല് അയ്യപ്പഭക്തർ ഉൾപ്പെടെ അഞ്ചുപേർക്ക് ദാരുണാന്ത്യം. ഇന്ന് പുലർച്ചെ മൂന്ന് മണിക്കായിരുന്നു അപകടം. ആന്ധ്രാ സ്വദേശികളാണ് മരിച്ചത്. ശബരിമല ദർശനത്തിന് ശേഷം മടങ്ങുമ്പോഴായിരുന്നു അപകടം.

കാർ ഡ്രൈവർ കീഴക്കര സ്വദേശി മുഷ്താഖ് അഹമ്മദ് (30), ആന്ധ്രയിൽ നിന്നുള്ള രാമചന്ദ്ര റാവു (55), അപ്പാരാവു നായിഡു (40), ബണ്ടാരു ചന്ദ്ര റാവു (42), രാമർ (45) എന്നിവരാണ് മരിച്ചത്. റോഡിന് സമീപം കാർ നിർത്തിയിട്ട് ഉറങ്ങുകയായിരുന്നു ഇവർ. ഇതിനിടെ രാമനാഥപുരം സ്വദേശികൾ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് അയ്യപ്പ ഭക്തരുടെ കാറിൽ ഇടിക്കുകയായിരുന്നു. രാമേശ്വരം ക്ഷേത്രത്തിൽ ദർശനത്തിനായാണ് ഇവർ രാമനാഥപുരത്തെത്തിയത്. അപകടത്തിൽ ഏഴുപേർക്ക് ഗുരുതര പരിക്കേറ്റു.

വഴിയാത്രക്കാരിയെ റോട്ട്‌വീലർ നായ്ക്കൾ കടിച്ചുകൊന്നു, അമ്പതിടത്ത് മാരക മുറിവുകൾ

ബംഗളൂരു: വഴിയാത്രക്കാരിയായ യുവതിയെ റോട്ട്‌വീലർ നായ്ക്കൾ കടിച്ചുകൊന്നു. കർണാടകയിലെ ദാവണഗരെയുടെ പ്രാന്തപ്രദേശത്തുള്ള ഹൊന്നൂർ ഗൊല്ലരഹട്ടി ഗ്രാമത്തിൽ കഴിഞ്ഞദിവസം വൈകുന്നേരത്തോടെയായിരുന്നു സംഭവം. മുപ്പത്തെട്ടുകാരി അനിത ഹാലേഷ് ആണ് ക്രൂരമായി കൊല്ലപ്പെട്ടത്.

രാത്രി പതിനൊന്നുമണിയോടെ മാതാപിതാക്കളുടെ വീട്ടിലേക്ക് വരുമ്പോഴായിരുന്നു നായ്ക്കൾ ആക്രമിച്ചത്. പാഞ്ഞടുത്ത നായ്ക്കൾ അനിതയെ ആക്രമിക്കുകയായിരുന്നു. ശരീരമാസകലം കടിയേറ്റു. തുടകളിലും കഴുത്തിലും ഉൾപ്പെടെ അമ്പതിലധികം ഭാഗത്ത് മാരകമായി മുറിവേറ്റിരുന്നു.സംഭവം കണ്ട നാട്ടുകാർ ഏറെ പണിപ്പെട്ട് നായ്ക്കളെ ആട്ടിയകറ്റി അനിതയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഓട്ടോറിക്ഷയിൽ വന്ന രണ്ടുപേരാണ് നായ്ക്കളെ റോഡുവക്കിൽ ഇറക്കിവിട്ടതെന്നാണ് നാട്ടുകാർ പറയുന്നത്. ഇതിന്റെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രതിഷേധവുമായി എത്തിയ നാട്ടുകാരിൽ ചിലർ നായ്ക്കളെ ആക്രമിക്കാൻ ശ്രമിച്ചിരുന്നു. നായ്ക്കളെ റോഡിൽ ഇറക്കിവിട്ടവർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നാണ് ഇവരുടെ ആവശ്യം. നായ്ക്കളെ ഉപേക്ഷിച്ചവരെ കണ്ടെത്താൻ ശ്രമിക്കുകയാണെന്നും ഇവർ എന്തിനാണ് ഇവയെ ഉപേക്ഷിച്ചതെന്ന് വ്യക്തമല്ലെന്നുമാണ് പൊലീസ് പറയുന്നത്. സംഭവ സ്ഥലത്തെയും സമീപത്തെയും സിസിടിവി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അതിനിടെ, സംഭവത്തിൽ ദുരൂഹത ആരോപിച്ച് അനിതയുടെ സഹോദരൻ രംഗത്തെത്തിയിട്ടുണ്ട്. എല്ലാ കാര്യങ്ങളെക്കുറിച്ചും അന്വേഷിച്ച് കുറ്റക്കാരെ ഉടൻ കണ്ടെത്തണമെന്നാണ് സഹോദരൻ പറയുന്നത്. ഏറ്റവും അപകടകാരികളായ നായകളാണ് റോട്ട്‌വീലർ ഇനം. ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ ഇവ വളർത്തുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

രൂപയുടെ മൂല്യം ഇടിയുന്നതിൽ പ്രതികരിച്ച് നിർമല സീതാരാമൻ

ന്യൂഡൽഹി: രൂപ അതിന്റേതായ നില കണ്ടെത്തുമെന്ന പ്രവചനവുമായി ധനമന്ത്രി നിർമല സീതാരാമൻ. ഹിന്ദുസ്ഥാൻ ടൈംസ് സംഘടിപ്പിച്ച ലീഡർഷിപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് കൊണ്ടാണ് നിർമലയുടെ പ്രതികരണം. ഡോളറിനെതിരെ ഇന്ത്യൻ കറൻസിയുടെ പ്രകടനത്തെ കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറയുകയായിരുന്നു ധനമന്ത്രി.

രൂപയുടെ മൂല്യം ഇടിയുന്നത് പ്രതിപക്ഷ പാർട്ടികൾ വിമർശനവിധേയമാക്കുന്നതിലും നിർമലക്ക് മുന്നിൽ ചോദ്യമുയർന്നു.

അതിന് മറുപടിയായി രൂപയുടെ മൂല്യവും സമ്പദ്‌വ്യവസ്ഥയുടെ സ്ഥിതിയും വ്യത്യസ്തമാണെന്നായിരുന്നു ധനമന്ത്രിയുടെ പ്രതികരണം. പ്രതിപക്ഷമായത് കൊണ്ടാണ് രൂപയുടെ മൂല്യം ഇടിയുന്നതിനെ സംബന്ധിച്ച് അവർ വിമർശനം ഉന്നയിക്കുന്നതെന്നും ധനമന്ത്രി പറഞ്ഞു.

അംബാനിക്കുപിന്നാലെ ഇഡി; 1,120 കോടിയുടെ സ്വത്തുക്കൾ കണ്ടുകെട്ടി

ന്യൂഡൽഹി: കള്ളപ്പണം വെളുപ്പിക്കൽ കേസിൽ റിലയൻസ് ഗ്രൂപ്പ് ചെയർമാൻ അനിൽ അംബാനിയുടെ കൂടുതൽ സ്വത്തുക്കൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി. ഇന്നലെ 1,120 കോടിയുടെ സ്വത്തുകൾ കണ്ടുകെട്ടിയതോടെ ഇഡി പിടിച്ചെടുത്ത ആകെ സ്വത്തുകളുടെ മൂല്യം 10,117 കോടി രൂപയായി.17,000 കോടിയിലേറെ രൂപയുടെ തട്ടിപ്പ് നടത്തിയെന്ന കേസിൽ മുൻപ് അനിൽ അംബാനിയെ ഇഡി ചോദ്യം ചെയ്തിരുന്നു.

റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ ഏഴ് സ്വത്തുക്കൾ, റിലയൻസ് പവർ ലിമിറ്റഡിന്റെ രണ്ട് സ്വത്തുക്കൾ, റിലയൻസ് വാല്യു സർവീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഒമ്പത് സ്വത്തുക്കൾ, റിലയൻസ് വാല്യു സർവീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിലുള്ള സ്ഥിര നിക്ഷേപങ്ങൾ എന്നിവയും റിലയൻസ് വെഞ്ചർ അസറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, ആധാർ പ്രോപ്പർട്ടി കൺസൽറ്റൻസി പ്രൈവറ്റ് ലിമിറ്റഡ്, ഗമേസ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, ഫൈ മാനേജ്മെന്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ നിക്ഷേപങ്ങളുമാണ് കണ്ടുകെട്ടിയത്.

റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ അനിൽ അംബാനിയുടെ കീഴിലെ കമ്പനികൾ വിവിധ ബാങ്കുകളിൽ നിന്നു വായ്പയെടുത്ത് 17,000 കോടിയിലേറെ രൂപയുടെ തട്ടിപ്പ് നടത്തിയെന്നാണ് ആരോപണം. വായ്പകൾ അനുവദിക്കുന്നതിന് ബാങ്ക് പ്രമോട്ടർമാർക്ക് കൈക്കൂലി നൽകിയിട്ടുണ്ടോയെന്നും ഇഡി അന്വേഷിക്കുന്നുണ്ട്.

അതേസമയം, ഒക്ടോബറിൽ അനിൽ അംബാനിയുടെ എഡിഎ എന്ന കമ്പനിക്കെതിരെ ഇൻവസ്റ്റിഗേറ്റീവ് ന്യൂസ് പോർട്ടലായ കോബ്രാപോസ്റ്റ് അന്വേഷണാത്മക റിപ്പോർട്ട് പുറത്തുവിട്ടിരുന്നു. 2006 മുതൽ 28,874 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് നടത്തിയെന്നാണ് ആരോപണം. വിവിധ ഷെൽ കമ്പനികളിലേക്ക് മാറ്റിയ പണം അനിൽ അംബാനിയുടെ ആഡംബര ജീവിതത്തിന് വേണ്ടി ഉപയോഗിക്കുന്നതായി കണ്ടെത്തി.

വിദേശത്തുനിന്ന് 13,048 കോടി രൂപയുടെ നിക്ഷേപം ലഭിച്ചെന്നും ക്രോബാപോസ്റ്റിലെ മാധ്യമപ്രവർത്തകർ പ്രസ് ക്ലബ് ഓഫ് ഇന്ത്യയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ആരോപിച്ചിരുന്നു.

നിര്യാതയായി

തളിയപറമ്പിൽ സുകുമാരൻ ഭാര്യ

ചന്ദ്രിക (74)

മാട്ടുമല, ചെങ്ങാലൂർ

ഞങ്ങളുടെ വാത്സല്യ മാതാവ് മാട്ടുമല ചെങ്ങാലൂർ **തളിയപറമ്പിൽ സുകുമാരൻ ഭാര്യ ചന്ദ്രിക (74)** നിര്യാതയായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. സംസ്ക്കാര കർമ്മം നാളെ (07-12-2025) ഞായർ രാവിലെ 10 മണിക്ക് വീട്ടുവളപ്പിൽ നടത്തപ്പെടുന്നതാണ്. സംസ്കാര ചടങ്ങുകളിൽ പങ്കുകൊണ്ട് പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാൻ അപേക്ഷ.

ദുഃഖസ്മരണകളോടെ

മക്കൾ: **ടിങ്കിൾ, രാജു** (പ്രസിഡണ്ട്, പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക്)

മരുമക്കൾ: **സുരേഷ്, സുബിത**

മറ്റുകുടുംബാംഗങ്ങൾ

ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി കണക്കാക്കാൻ അപേക്ഷ

ഈ. മ. യൗ

നിര്യാതയായി

ഇടശ്ശേരി ചങ്കൻ പരേതനായ ഇ ടി ദേവസ്സി ഭാര്യ

ലില്ലി (78)

പാളയംപറമ്പ്

ഞങ്ങളുടെ പ്രിയ മാതാവ് **ഇടശ്ശേരി ചങ്കൻ പരേതനായ ഇ ടി ദേവസ്സി ഭാര്യ ലില്ലി (78)** ആത്മത്തിനു വേണ്ടുന്ന അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2025 ഡിസംബർ 5-ാം തിയ്യതി വെള്ളിയാഴ്ച ഉച്ചക്ക് 12.30ന് കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

സംസ്കാര കർമ്മം ഇന്ന് (2025 ഡിസംബർ 6-ാം തിയ്യതി ശനിയാഴ്ച) വൈകീട്ട് 4.30ന് അമ്പഴക്കാട് സെന്റ് തോമസ് ഫൊറോന ദേവാലയ സെമിത്തേരി കുടുംബ കല്ലറയിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. സംസ്കാര കർമ്മങ്ങളിൽ പങ്കെടുത്ത് പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമേ.

അമ്പഴക്കാട്,

6-12-2025. എന്ന്

മക്കൾ: **ഇ ഡി ഷാജു, ജെയ്സൺ വർഗീസ്, സേവിയർ സാലു, സാബു ആന്റണി, ഡേവിസ് ബെന്നി, മരിയ ലിൻസി**

മരുമക്കൾ: **ജിംസി ഷാജു,** (മാളിയേക്കൽ ഇയ്യന്നം, കാഞ്ഞിരപ്പിള്ളി), **ലെറിഷ് ജെയ്സൺ** (കൊച്ചിക്കാട്ട്,വരാപ്പുഴ), **സോണി സാലു** (ചുങ്കത്ത്, ആലുവ), **ഫിൽസി സാബു** (നെടുംപുറത്ത്, അടിമാലി), **നീതു ബെന്നി** (പുതുക്കാടൻ, ഇരിങ്ങാലക്കുട), **ഡോ. രാജേഷ്** (പഴയപറമ്പിൽ, ആലപ്പുഴ)

E.T. ദേവസ്സി & സൺസ് ഫൈനാൻസ് (P) ലി., നൂ കേരള ഇൻവെസ്റ്റ്മെന്റ്, പാളയംപറമ്പ്
സെന്റ് ഫ്രാൻസിസ് ഗ്രൂപ്പ് ഓഫ് ടൈൽ കമ്പനീസ്, കേരള തമിഴ്നാട് & കർണ്ണാടക
ഇടശ്ശേരി സമൃദ്ധി ഹൈപ്പർ മാർക്കറ്റ് ചാലക്കുടി & അങ്കമാലി
പയനിയർ PVC പൈപ്പ്സ് ഇരിങ്ങാലക്കുട, സാജ് സെറാ കളേഴ്സ്, വടമ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

പൊതു തിരഞ്ഞെടുപ്പ്; പോളിംഗ് കേന്ദ്രങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

തൃശ്ശൂർ: തൃശ്ശൂർ ജില്ലയിൽ 2025 ലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സാമഗ്രികളുടെ സ്വീകരണ-വിതരണ കേന്ദ്രങ്ങളായും പോളിംഗ് കേന്ദ്രങ്ങളായും നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 2025 ഡിസംബർ 10 നും വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യസ സ്ഥാപനങ്ങൾക്ക് വോട്ടെണ്ണലിന്റെ തലേ ദിവസമായ 2025 ഡിസംബർ 12 നും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും ജില്ലാ കളക്ടറുമായ അർജുൻ പാണ്ഡ്യൻ അവധി പ്രഖ്യാപിച്ചു.

വിമുക്തി പോസ്റ്റർ രചനാമത്സരം; വിജയികളെ പ്രഖ്യാപിച്ചു

തൃശൂർ: എക്സൈസ് വകുപ്പ് വിമുക്തി മിഷൻ നേതൃത്വത്തിൽ ശിശുദിനാഘോഷത്തിന്റെ ഭാഗമായി യു.പി. വിഭാഗം വിദ്യാർത്ഥികൾക്കായി 'എന്റെ സ്വപ്നം' എന്ന വിഷയത്തിൽ ജില്ലാതലത്തിൽ സംഘടിപ്പിച്ച പോസ്റ്റർ രചനാ മത്സരത്തിൽ കൊടുങ്ങല്ലൂർ ഭാരതീയ വിദ്യാഭവൻ വിദ്യാമന്ദിറിലെ ഇ.ആർ. അനന്യ ഒന്നാം സ്ഥാനം നേടി.

കാട്ടൂർ അൽബാബ് സെൻട്രൽ സ്കൂളിലെ ഇ.എസ്. ഹന്ന ഫാത്തിമ രണ്ടാം സ്ഥാനവും വള്ളിവട്ടം ഉമരിയ്യ പബ്ലിക് സ്കൂളിലെ കെ.എൻ. മുഹമ്മദ് അഫ്നാൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ജില്ലാതല മത്സരത്തിൽ 88 സ്കൂളുകളിൽ നിന്ന് മൊത്തം 284 എൻട്രികളാണ് ലഭിച്ചത്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിച്ചവർക്ക് മൊമെന്റോയും സർട്ടിഫിക്കറ്റും നൽകും. പത്ത് വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനത്തിന് അർഹരായി. കാറളം വി.എച്ച്.എസ്.എസ് സ്കൂളിലെ ഇ.എസ്. രേഷ്ജ, കോലഴി ചിന്മയ വിദ്യാലയത്തിലെ വി.ബി. ലക്ഷ്മി, തൃത്തല്ലൂർ കെ.എൻ.എം. വി.എച്ച്.എസ്.എസിലെ പി.ആർ. രുദ്ര, ഇരിഞ്ഞാലക്കുട സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ സി.എം. ആദിനാഥ്, പുത്തൻചിറ ജി.യു.പി.എസിലെ പി.ആർ. ആര്യനന്ദ, കാട്ടൂർ അൽബാബ് സെൻട്രൽ സ്കൂളിലെ ഫൈറൂസ് പി. ഇക്ബാൽ, അളഗപ്പ നഗർ എ.പി.എച്ച്.എസ്.എസിലെ കെ.എം. ഗൗരി തീർത്ഥ, അരിമ്പൂർ ഗവ. യു.പി.എസിലെ എൻ. അഫ്സൽ റാസാൻ, ആളൂർ ആർ.എം. എച്ച്.എസ്.എസിലെ എൻ.എസ്. സാരംഗ്, ഐരാണിക്കുളം ജി.എച്ച്.എസ്.എസിലെ അൽഗ ടെൻസൺ എന്നിവരാണ് പ്രോത്സാഹന സമ്മാനത്തിന് അർഹരായത്. വിജയികൾക്കുള്ള സമ്മാനദാനം ഡിസംബർ മൂന്നാം വാരം അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ നടക്കും.

പ്രവർത്തനം ആരംഭിച്ചു

തൃശൂർ: ജീവകാരുണ്യ മേഖലയിൽ പ്രവർക്കുന്ന പാമ്പുങ്ങൽ മഠം സ്പിരിച്ചൽ ഫൗണ്ടേഷൻ പുതിയ ഓഫീസ് തൃശ്ശരിൽ പ്രവർത്തനം ആരംഭിച്ചു.പേരാമംഗലം പ്രവർത്തിക്കുന്ന പാമ്പുങ്ങൽ വിഷ്ണുമായ സ്വാമിയുമായി ബന്ധപ്പെട്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു രെജിസ്ട്രേഡ് സംഘടന ആണ് പാമ്പുങ്ങൽ മഠം സ്പിരിച്ചൽ ഫൗണ്ടേഷൻ,സമൂഹത്തിലെ അഗരണരായ നിരവധി പേരിലേക്ക് ഇതിനോടകം സേവനങ്ങൾ നൽകി പോരുന്നു ഫൗണ്ടേഷൻ.നിർധനരായവർക്ക് വിവാഹം,വിദ്യാഭ്യാസം,ആതുര സേവനം തുടങ്ങി നിരവധി രംഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ഫൗണ്ടേഷൻ നടത്തി വരുന്ന അഗരണക്കൾക്കായുള്ള 'അന്നദാന പദ്ധതി' ഇതിനോടകം ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്.തൃശ്ശൂർ എം.ജി.റോഡിൽ സെന്റർ പോയിന്റനു മുൻപിൽ മേപ്പടത്ത്റസിഡൻസിയുടെ ഫസ്റ്റ് ഫ്ളോറിലാണ് ഫൗണ്ടേഷൻ ഓഫീസ് പ്രവർത്തിക്കുന്നത്.

ഇൻഡിഗോ പ്രതിസന്ധി: ഇന്ന് റദ്ദാക്കിയത് 300 സർവീസുകൾ; പ്രതിഷേധം

പ്രശ്നം എത്രയുംവേഗം പരിഹരിക്കുമെന്ന് കമ്പനി

തിരു : വിമാന സർവീസുകൾ സംബന്ധിച്ച പ്രതിസന്ധിയൊഴിയാതെ ഇൻഡിഗോ. ശനിയാഴ്ച രാവിലെ എട്ടുമണിയോടെ പുറത്തുവരുന്ന കണക്കുകൾ പ്രകാരം രാജ്യത്തുടനീളം 300-ലധികം സർവീസുകളാണ് റദ്ദാക്കിയിരിക്കുന്നത്. വെള്ളിയാഴ്ച കമ്പനി ആയിരത്തോളം സർവീസുകൾ റദ്ദാക്കിയിയിരുന്നു. പ്രതിസന്ധി എത്രയും പെട്ടന്ന് പരിഹരിക്കുമെന്ന് ഇൻഡിഗോ ഉറപ്പുനൽകിയിരുന്നെങ്കിലും ശനിയാഴ്ചയും യാത്രക്കാർ വലയുന്ന കാഴ്ചയാണ് വിമാനത്താവളങ്ങളിൽ കാണാനാകുന്നത്.

ബെംഗളൂരുവിൽ 124 സർവീസുകളാണ് റദ്ദാക്കിയിരിക്കുന്നത്. യാത്രയാരംഭിക്കേണ്ട 63 വിമാനങ്ങളും ബെംഗളൂരുവിലേക്ക് എത്തേണ്ട 61 വിമാനങ്ങളുമാണ് റദ്ദാക്കിയത്. യാത്രക്കാർ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. ചിലയിടങ്ങളിൽ പ്രതിഷേധം അക്രമാസക്തമാകുന്നുണ്ട്. റദ്ദാക്കലുകൾ സംബന്ധിച്ചോ റീഫണ്ട് സംബന്ധിച്ചോ യാതൊരു വിവരവും കമ്പനി അറിയിച്ചിട്ടില്ലെന്ന് യാത്രക്കാർ പറഞ്ഞു.

ചെന്നൈയിലും ഹൈദരാബാദിലും സമാന അവസ്ഥ തന്നെയാണ്. ചെന്നൈ വിമാനത്താവളത്തിൽനിന്ന് പുറപ്പെടേണ്ട 28 സർവീസുകളും ചെന്നൈയിലേക്ക് വരേണ്ട 20 സർവീസുകളുമാണ് റദ്ദാക്കിയത്. ഹൈദരാബാദ് വിമാനത്താവളത്തിലെ കണക്കുകൾ പുറത്തുവരുന്നേയുള്ളൂ. തിരുവനന്തപുരം- ഹൈദരാബാദ്, കൊച്ചി- ജമ്മു സർവീസുകളും റദ്ദാക്കിയിട്ടുണ്ട്.

വോട്ടിങ് മെഷീനുകളുടെ കമ്മീഷനിങ് ആരംഭിച്ചു

തൃശ്ശൂർ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള വോട്ടിംഗ് മെഷനീനുകളുടെ കമ്മീഷനിംഗ് റിട്ടേണിങ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ആരംഭിച്ചു.

തൃശ്ശൂർ ജില്ലയിലെ തളിക്കുളം, പുഴക്കൽ ബ്ലോക്കുകളിലെയും കുന്നംകുളം നഗരസഭയിലുമാണ് കമ്മീഷനിങ് നടന്നത്. പുഴക്കൽ ബ്ലോക്കിലെ ഇ.വി.എം കമ്മീഷനിങ് കേന്ദ്രമായ പുറനാട്ടുകര ശ്രീ ശാരദ ഗേൾസ് സ്കൂളിലെയും തളിക്കുളം ബ്ലോക്കിലെ ഇ.വി.എം കമ്മീഷനിങ് കേന്ദ്രമായ നാട്ടിക ശ്രീനാരായണ കോളേജിലെയും കമ്മീഷനിങ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻകൂടിയായ ജില്ലാ കളക്ടർ നേരിട്ടെത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.

ചാവക്കാട്, ചൊവ്വന്നൂർ, വടക്കാഞ്ചേരി, പഴയന്നൂർ, ഒല്ലൂക്കര, മതിലകം, അന്തിക്കാട്, ചേർപ്പ്, ഇരിങ്ങാലക്കുട, വെള്ളാങ്ങല്ലൂർ, മാള, ചാലക്കുടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള വോട്ടിങ് മെഷീനുകളുടെയും തൃശ്ശൂർ കോർപ്പറേഷൻ, തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ വോട്ടിങ് മെഷീനുകളുടെ കമ്മീഷനിങ് നാളെ നടക്കും.

ട്രംപിന് ഫിഫയുടെ സമാധാന പുരസ്കാരം

ബഹുമതി ലോകസമാധാനത്തിന് നൽകിയ 'മഹത്തായ സംഭാവന'കളുടെ പേരിൽ

വാഷിങ്ടൺ: ഫിഫയുടെ പ്രഥമ സമാധാന പുരസ്കാരം അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്. ലോകകപ്പ് ഗ്രൂപ്പ് നറുക്കെടുപ്പ് ചടങ്ങിൽ ഫിഫ പ്രസിഡന്റ് ജിയാനി ഇൻഫാന്റിനൊയാണ് പ്രഖ്യാപനം നടത്തിയത്. സ്വർണ വർണത്തിലുള്ള ട്രോഫിയും മെഡലും ഇൻഫാന്റിനൊ ട്രംപിന് സമ്മാനിച്ചു.

ലോക സമാധനത്തിന് ട്രംപ് നൽകിയ മഹത്തായ സംഭാവനകൾ പരിഗണിച്ചാണ് ട്രംപിന് പുരസ്കാരം നൽകുന്നതെന്ന് ഇൻഫാന്റിനൊ പറഞ്ഞു. ജീവിതത്തിലെ മഹത്തായ ബഹുമതികളിലൊന്നാണ് പുരസ്കാരമെന്ന് ട്രംപ് പറഞ്ഞു. ഇൻഫാന്റിനൊയുമായി അടുത്ത സൗഹൃദമുള്ള ട്രംപിനായിരിക്കും പുരസ്കാരമെന്ന് നേരത്തെ അഭ്യൂഹമുണ്ടായിരുന്നു. നോബേൽ സമാധാന പുരസ്കാരത്തിന് ട്രംപ് അർഹനാണെന്ന് ഇൻഫാന്റിനൊ നേരത്തെ അഭിപ്രായപ്പെട്ടിരുന്നു.

നേരത്തേ സമാധാന നൊബേലിനായുള്ള ട്രംപിന്റെ ശ്രമങ്ങൾ ഫലം കണ്ടിരുന്നില്ല. ട്രംപ് കാത്തിരുന്ന ഇത്തവണത്തെ സമാധാന നൊബേൽ ലഭിച്ചത് വെനസ്വേലയിലെ ജനാധിപത്യ-മനുഷ്യാവകാശ പ്രവർത്തക മരിയ കൊറീന മചാഡോയ്ക്കായിരുന്നു.

ഏഴ് യുദ്ധങ്ങൾ അവസാനിപ്പിച്ചെന്ന അവകാശവാദവുമായി ട്രംപും അനുയായികളും സജീവമായതോടെയാണ് ഇത്തവണത്തെ നൊബേൽ സമ്മാനം ആർക്കാണെന്ന കാര്യത്തിൽ ആകാംക്ഷ ശക്തമായത്. സമാധാന നൊബേലിന് തന്റെയത്ര അർഹത മറ്റാർക്കുമില്ലെന്ന വാദം ഡൊണാൾഡ് ട്രംപ് നിരന്തരം ഉന്നയിച്ചിരുന്നു. പക്ഷേ നിരാശയായിരുന്നു ഫലം.

ഇന്ത്യയിലേക്ക് തടസ്സമില്ലാതെ എണ്ണകയറ്റുമതി തുടരുമെന്ന് പുതിൻ

ന്യൂഡൽഹി: ഇന്ത്യയിലേക്കുള്ള എണ്ണ കയറ്റുമതി തടസ്സരഹിതമായി തുടരാൻ തയ്യാറാണെന്ന പ്രഖ്യാപനവുമായി റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുതിൻ. റഷ്യയിൽനിന്നുള്ള എണ്ണ കയറ്റുമതി നിർത്താൻ യുഎസ് ഇന്ത്യക്കുമേൽ വലിയ സമ്മർദം ചെലുത്തുന്ന സാഹചര്യത്തിലാണ് പുതിന്റെ നിലപാട് പ്രഖ്യാപനമെന്നത് ശ്രദ്ധേയമാണ്.

ഇന്ത്യയുടെ ഊർജത്തിന്റെ വികസനത്തിന് ആവശ്യമായ എണ്ണ, ഗ്യാസ്, കൽക്കരി തുടങ്ങിയവയ്ക്കെല്ലാം ആശ്രയിക്കാനാകുന്ന വിതരണക്കാരാണ് റഷ്യയെന്ന് ചർച്ചകൾക്ക് പിന്നാലെ പുതിൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയോടു പറഞ്ഞു. അതിവേഗം വളരുന്ന ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്ക് ആവശ്യമായ എണ്ണ കയറ്റുമതി തടസ്സമില്ലാതെ തുടരാൻ തങ്ങൾ തയ്യാറാണെന്നും അദ്ദേഹം ഉറപ്പു നൽകിയതായി ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നെന്ന് ചൂണ്ടിക്കാണിച്ചാണ് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ഓഗസ്റ്റ് മാസത്തിൽ ഇന്ത്യയിൽനിന്നുള്ള കയറ്റുമതിഉത്പന്നങ്ങൾക്കു മേൽ അൻപതു ശതമാനം തീരുവ ചുമത്തിയത്.

തുടർന്ന് എണ്ണവാങ്ങൽ നിർത്താനുള്ള വലിയ സമ്മർദവും ഇന്ത്യയ്ക്കുമേൽ യുഎസ് ചെലുത്തിയിരുന്നു. എന്നാൽ, ഇന്ത്യ ഇതിന് വഴങ്ങിയിരുന്നില്ല.

യുക്രൈൻ യുദ്ധം ആരംഭിച്ചതിന് ശേഷമുള്ള പുതിന്റെ ആദ്യ ഇന്ത്യാസന്ദർശനമായിരുന്നു കഴിഞ്ഞദിവസം നടന്നത്. ഊർജം, പ്രതിരോധം, വ്യാപാരം തുടങ്ങിയ വിഷയങ്ങളിൽ പുതിനും മോദി യും തമ്മിൽ നിർണായക ചർച്ചകളും നടന്നിരുന്നു.

2026-ൽ മോസ്കോയിൽ നടക്കുന്ന 24-ാം വാർഷിക ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രിയെ പുതിൻ ക്ഷണിച്ചു. കൂടിക്കാഴ്ചയിൽ ഇരുരാജ്യവും 16 കരാറുകളിലാണ് ഒപ്പുവെച്ചത്.

യൂണിയൻ ദിനാഘോഷവും ഫൈൻ ആർട്സ് ഉദ്ഘാടനവും സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട : കഴിവും സർഗാത്മകതയും സമന്വയിക്കുമ്പോഴേ സമൂഹത്തിനു മാറ്റങ്ങളുണ്ടാകൂ എന്നു വ്യക്തമാക്കികൊണ്ട് ഇരിങ്ങാലക്കുട സെന്റ്.ജോസഫ്സ് (ഓട്ടോണമസ്) കോളേജ് യൂണിയൻ 'അലോക' യുടെയും ഫൈൻ ആർട്സ് 'കലിക'യുടെയും ഉദ്ഘാടനം നടന്നു. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന പരിപാടി നടിയും അവതാരകയും എഴുത്തുകാരിയുമായ അശ്വതി ശ്രീകാന്ത് നിർവ്വഹിച്ചു.തലമുറകൾക്ക് അനുസരിച്ചു മൂല്യങ്ങൾ മാറുന്നുവെന്നും സ്വന്തം അഭിപ്രായങ്ങൾക്ക് പ്രാധാന്യം നൽകി ജീവിക്കാൻ ശ്രമിക്കണമെന്നും അവർ അഭിപ്രായപ്പെട്ടു. പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് ചെയർപേഴ്സൺ അഫ് ല സിമിൻ സ്വാഗതം ആശംസിച്ചു. കോളേജിലെ ഇലക്ഷൻ കോർഡിനേറ്റർ ഡോ. വിജി മേരി, ജനറൽ സെക്രട്ടറി ദേവിക. എൻ. നമ്പൂതിരി എന്നിവർ സന്നിഹിതരായിരുന്നു. കോളേജിലെ ഫൈൻ ആർട്സ് കലികയുടെ ഉദ്ഘാടനം പ്രശസ്ത നടനും അവതാരകനുമായ ജീവ ജോസഫ് നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി അധ്യക്ഷത വഹിച്ചു. ഫൈൻ ആർട്സ് കോർഡിനേറ്റർ സോന ദാസ്, ഫൈൻ ആർട്സ് സെക്രട്ടറി റെയ്ച്ചൽ റോസ്, ചെയർപേഴ്സൺ അഫ്ല സിമിൻ എന്നിവർ സംസാരിച്ചു. തുടർന്ന് കോളേജ് യൂണിയൻ അലോകയുടെ നേതൃത്വത്തിൽ കലാപരിപാടികൾ സംഘടിപ്പിച്ചു.

ഭക്ഷണം കഴിച്ചതിന്റെ പണം ആവശ്യപ്പെട്ടതിന് കടയുടമക്ക് നേരെ ആക്രമണം; പ്രതി അറസ്റ്റിൽ

തൃപ്രയാർ: നാട്ടിക ചേർക്കര സ്വദേശി എരവേലി വീട്ടിൽ സുനിൽകുമാറിന്റെ ഉടമസ്ഥതയിൽ ചേർക്കരയിൽ നടത്തുന്ന തട്ടുകടയിൽ നിന്നും ഭക്ഷണം കഴിച്ചതിന്റെ പണം ചോദിച്ചതിന് കടയുടമയെ അസഭ്യം പറയുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്തയാൾ അറസ്റ്റിൽ.

നാട്ടിക ചേർക്കര സ്വദേശി കുറുപ്പത്ത് വീട്ടിൽ ഹരിനന്ദൻ (21) നെയാണ് തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ബി.കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. കോടതിയിൽ പ്രതിയെ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

ഹരിനന്ദൻ വലപ്പാട് പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്ന് വധശ്രമക്കേസിലും കഞ്ചാവ് ബീഡി ഉപയോഗിച്ച ഒരു കേസ്സിലും, മനുഷ്യജീവന് അപകടം വരത്തക്ക വിധം വാഹനമോടിച്ച ഒരു കേസ്സിലും, ഏതെങ്കിലും കുറ്റകൃത്യത്തിൽ ഏർപ്പെടാതിരിക്കാൻ അറസ്റ്റ് ചെയ്ത രണ്ട് കേസുകളിലും അടക്കം ഏഴ് ക്രിമിനൽക്കേസുകളിൽ പ്രതിയാണ്.

വലപ്പാട് പോലീസ് സ്റ്റേഷൻ എസ് എച്ച് ഒ അനിൽകുമാർ, എസ് ഐ എബിൻ, ജി എ എസ് ഐ മാരായ ഉണ്ണി, ഭരതനുണ്ണി എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

അഗ്നിരക്ഷാസേനയിൽ പുതുതായി 97 അംഗങ്ങൾ കൂടി

വിയ്യൂർ ഫയർ ആൻഡ് റസ്ക്യൂ സർവീസസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 97 പേർ കൂടി അഗ്നിരക്ഷാ സേനയുടെ ഭാഗമായി. ഇന്നലെ (05.12.25) നടന്ന പാസിങ് ഔട്ട് പരേഡിൽ ഫയർ ആൻഡ് റസ്ക്യൂ സർവീസസ് ഡയറക്ടർ ജനറൽ നിതിൻ അഗ്രവാൾ സല്യൂട്ട് സ്വീകരിച്ചു.

പത്തനംതിട്ട കോന്നിയിൽ പാറമടയിലെ രക്ഷാപ്രവർത്തനത്തിലും കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ഉണ്ടായ തീപ്പിടിത്തത്തിലും ഇടുക്കി ആനച്ചാലിൽ സ്കൈ ഡൈനിംഗിന് ഇടയിൽ ഉയരത്തിൽ കുടുങ്ങിയ ഒരു കുടുംബത്തെ രക്ഷിക്കുന്നതിലും മറ്റും അഗ്നിരക്ഷാസേനാംഗങ്ങൾ പ്രകടിപ്പിച്ച മികവ് കേരളത്തിലെ ജനങ്ങൾക്ക് അഗ്നിരക്ഷാസേനയുടെ പ്രവർത്തനങ്ങളിൽ വളരെയധികം മതിപ്പ് ഉളവാക്കിയിട്ടുണ്ടെന്ന് ഡയറക്ടർ ജനറൽ പറഞ്ഞു. പുതിയ സേനാംഗങ്ങളെല്ലാം ഇത്തരം രക്ഷാപ്രവർത്തനങ്ങളിൽ തങ്ങളുടെ കഴിവും ആത്മാർത്ഥതയും പ്രകടിപ്പിച്ച് കേരള അഗ്നിരക്ഷാസേനയ്ക്ക്അഭിമാനമാകണമെന്നും അദ്ദേഹം പറഞ്ഞു. ഡയറക്ടർ (ടെക്നിക്കൽ) എം നൗഷാദ്, ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ അരുൺ അൽഫോൺസ്, ഫയർ ആൻഡ് റസ്ക്യൂ സർവീസസ് അക്കാദമി ഡയറക്ടർ എം ജി രാജേഷ്, അസിസ്റ്റന്റ് ഡയറക്ടർമാരായ റെനി ലൂക്കോസ്, എ എസ് ജോഗി എന്നിവർ പങ്കെടുത്തു. അക്കാദമി അസിസ്റ്റന്റ് ഡയറക്ടർ എസ് എൽ ദിലീപ് പരിശീലനാർഥികൾക്ക് സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

ഫയർ ആൻഡ് റസ്ക്യൂ സർവീസ് അക്കാദമിയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ 37 ഫയർ ആൻഡ് റസ്ക്യൂ ഓഫീസർമാർ, 42-ാമത് ബാച്ചിലെ 19 ഫയർ ആൻഡ് റസ്ക്യൂ ഓഫീസർമാർ, 34-ാമത് ബാച്ചിലെ 37 ഫയർ ആൻഡ് റസ്ക്യൂ ഓഫീസർമാർ (ഡ്രൈവർ), നാഷണൽ ഫയർ സർവീസ് കോളേജിൽ നിന്ന് അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയ 98-ാമത് സബ് ഓഫീസേഴ്സ് കോഴ്സിലെ നാലുപേർ എന്നിവരാണ് പാസിങ് ഔട്ട് പരേഡിൽ പങ്കെടുത്തത്.

പരിശീലനാർഥികളിൽ അഞ്ച് ബിരുദാനന്തര ബിരുദധാരികളും 10 ബിടെക് ബിരുദധാരികളും 48 ബിരുദധാരികളും 11 ഡിപ്ലോമക്കാരും ഐടിഐ യോഗ്യതയുള്ള ആറുപേരും പ്ലസ്ടു യോഗ്യതയുള്ള 17 പേരും ഉൾപ്പെടുന്നു.

നിര്യാതയായി

ലില്ലി ദേവസ്സി

പാളയം പറമ്പ്: ഇടശ്ശേരി ചങ്കൻ ലില്ലി (78) നിര്യാതയായി. സംസ്കാരം ഇന്ന് 4.30ന് അമ്പഴക്കാട് സെന്റ്തോമ്മസ് ഫൊറോന പള്ളിയിൽ. ഭർത്താവ് പരേതനായ ഇ. ടി. ദേവസി. മക്കൾ: ഇ ഡി ഷാജു, ജയ്സൺ വർഗീസ്, സേവിയർ സാലു, സാബു ആന്റണി, ഡേവിസ് ബെന്നി, മരിയ ലിൻസി. മരുമക്കൾ ജിംസി മാളിയേക്കൽ ഇയ്യന്നം, ലെറിഷ് കൊച്ചിക്കാട്ട്, സോണി ചുങ്കത്ത്, ഫിൽസി നെടുമ്പറത്ത്, നീതു പുതുക്കാടൻ, ഡോ. രാജേഷ് പഴേപറമ്പിൽ.

റിസർവ് ബാങ്കിന് മണപ്പുറം ചെയർമാൻ നന്ദകുമാറിന്റെ അഭിനന്ദനം

തൃശൂർ: റിപ്പോ നിരക്ക് 5.25 ശതമാനമായി കുറയും വിധം 25 ബേസിസ് പോയിന്റ് കുറച്ച റിസർവ് ബാങ്കിന്റെ തീരുമാനം തികച്ചും ഉചിതമെന്ന് മണപ്പുറം ഫിനാൻസ് എംഡിയും ചെയർമാനുമായ വി പി നന്ദകുമാർ അഭിപ്രായപ്പെട്ടു.

പണപ്പെരുപ്പം കുറയുകയും , സമ്പദ് വ്യവസ്ഥ പിന്തുണ ആവശ്യപ്പെടുകയും ചെയ്യുന്ന ഘട്ടമാണിത്. വില സമ്മർദ്ദം ക്രമേണ സാധാരണ നിലകൈവരിക്കുകയും പണ ലഭ്യത മെച്ചപ്പെടുകയും സാമ്പത്തിക വളർച്ച മിതമാവുകയും ചെയ്യുന്ന സന്ദർഭത്തിൽ ഉപഭോഗവും നിക്ഷേപവും വർധിപ്പിയ്ക്കുന്നതിന് ഈ നീക്കം ഉപകരിക്കും.

പലിശ കുറയുന്നത് ഭവന വായ്പ, ഓട്ടോമൊബൈൽ വായ്പ, എംഎസ്എംഇ വായ്പ,പ്രവർത്തന മൂലധനം എന്നീ വായ്പകൾക്ക് ചെലവാകുന്ന തുക കുറയും. ഈ നടപടിക്രമങ്ങൾ ഏതാനും ആഴ്ചകളെടുക്കുമെങ്കിലും കുടുംബങ്ങൾക്കും , ചെറുകിട വ്യവസായങ്ങൾക്കും ഇത് ഗുണകരമാണ്.

ആർബിഐ പണ നയ സമിതിയുടെ തീരുമാനം ബാങ്കുകൾക്ക് വായ്പ കൂടുതൽ സൗകര്യപ്രദമാക്കും. ഉപഭോക്താക്കൾക്കും ചെറുകിട വ്യവസായങ്ങൾക്കും പണ ലഭ്യത വർധിക്കാൻ ഇതു സഹായകമാണ്. പലിശ നിരക്കിൽ വരുത്തിയ കുറവ് സാമ്പത്തിക വളർച്ച ശക്തമാക്കും. കുറഞ്ഞ ഗഡുക്കളും മെച്ചപ്പെട്ട വായ്പാ സാഹചര്യവും റിയൽ എസ്റ്റേറ്റ്, വാഹന, എൻബിഎഫ്സി മേഖലകൾക്കും അനുകൂലമാണിത്. പൊതുവേ ആർബിഐയുടേത് ഉചിതമായ സമയത്തു വന്ന ശരിയായ തീരുമാനമാണ്. രാജ്യം 2027 സാമ്പത്തിക വർഷത്തിലേക്കു നീങ്ങുമ്പോൾ ആത്മ വിശ്വാസം വർധിപ്പിയ്ക്കാനും വിശാലാടിസ്ഥാനത്തിലുള്ള വീണ്ടെടുപ്പിലേക്കു നയിക്കാനും ഇതുപകരിക്കും.

പുതുക്കാട് സൊസൈറ്റി പ്രസിഡണ്ട് രാജുവിന്റെ അമ്മ ചന്ദ്രിക നിര്യാതയായി

പുതുക്കാട് : മാട്ടുമ്മൽ ചെങ്ങാലൂർ തളിയപറമ്പിൽ സുകുമാരൻ ഭാര്യ ചന്ദ്രിക (74)നിര്യാതയായി. സംസ്കാരം നാളെ ഞായർ രാവിലെ 10 മണിക്ക് വീട്ടുവളപ്പിൽ. മക്കൾ-ടാങ്കിൾ, പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡണ്ട് രാജു. മരുമക്കൾ-സുരേഷ്, സുബിത.

എൻ ഇ എസ് കായലോരഫെസ്റ്റ് ഓഫീസ് ഉത്ഘാടനം

തൃപ്രയാർ എൻ ഇ എസ് തീരത്ത് നടക്കുന്ന കായലോര ആഘോഷ പരിപാടി കളുടെ ഓഫീസ് ഉത്ഘാടന പരിപാടി ചെയർമാൻ ശിവൻ കണ്ണോളിയുടെ അധ്യക്ഷതയിൽ ചേർന്ന് പ്രിൻസിപ്പാൾ നീജ നിർവ്വഹിച്ചു.

ആഘോഷകമ്മിറ്റി കൺവീനർ ഉണ്ണികൃഷ്ണൻ തൈപ്പറമ്പത്ത് സ്വാഗതം പറഞ്ഞു. മുൻ വർഷങ്ങളിൽ നടന്ന കായലോര ഫെസ്റ്റിനെക്കുറിച്ച് ചെയർമാൻ ശിവൻ കണ്ണോളി യോഗത്തിൽ സംസാരിച്ചു. വിദ്യാർത്ഥികൾക്ക് ആവേശകമായ ഡി ജെ നൈറ്റ് ഉണ്ടാകുമെന്ന് ചെയർമാൻ പറഞ്ഞ പ്രസംഗം വിദ്യാർത്ഥികൾ കയ്യടിയോടെ സ്വാഗതം ചെയ്തു.. ബോർഡ് മെമ്പർ ജയശ്രീ രാധാകൃഷ്ണൻ, കൃഷ്ണൻ, സൈനുദ്ധീൻ, ശശിധരൻ മാസ്റ്റർ എന്നിവർ ആശംസകൾ അർപ്പിച്ചു. അസിസ്റ്റന്റ് പ്രൊഫസർ ശശിധരൻ ആമുഖമായി സംസാരിച്ചു. അസിസ്റ്റന്റ് പ്രൊഫസർ ലതിമോൾ നന്ദി പറഞ്ഞു. അസിസ്റ്റന്റ് പ്രൊഫസർ മാരായ സ്മിത. സജിത, സുഷമ. ലിജിന ജെയിൻ, പ്രിയങ്ക ബാബു, അംഖിത. രൂപ. എന്നിവരും വിദ്യാർത്ഥി കളും ചടങ്ങിൽ പങ്കെടുത്തു.

ഇരിങ്ങാലക്കുട:കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് രാജി വെച്ച് ഇന്ത്യൻ നാഷണ